3. സുൽത്താൻ ബത്തേരി താലൂക്ക്:

| വർഷം | കാർഷികം | കാർഷികേതരം |
|---|---|---|
| 2006-07 | 1424.30 | 5704.97 |
| 2007-08 | 3703.60 | 6788.94 |
| 2008-09 | 3862.08 | 7635.32 |
| 2009-10 | 2792.99 | 9963.71 |
| 2010-11 | 1303.65 | 7633.60 |
| ആകെ | 13086.62 | 37726.54 |

(ബി) ലഭ്യമാക്കാം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

| താലൂക്ക്/സ്ഥാപനങ്ങൾ | 2008 | 2009 | 2010 |
|---|---|---|---|
| മാനന്തവാടി | 8.71 | 24.13 | 32.06 |
| വൈത്തിരി | 6.17 | 14.75 | 16.57 |
| സുൽത്താൻബത്തേരി | 7.68 | 12.11 | 14.78 |
| ജില്ലാ സഹകരണ ബാങ്ക് | 20.20 | 20.35 | 25.20 |
| ആകെ | 42.76 | 71.34 | 88.61 |

**കാർഷിക വായ്പയുടെ തോത് ഉയർത്തുന്നതിന് നടപടി**

**15 (978)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണബാങ്കുകളിൽ നിന്നും നൽകുന്ന കാർഷിക വായ്പകൾ കൃഷി ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) വർദ്ധിച്ച കൃഷിച്ചെലവ് കണക്കിലെടുത്ത് വായ്പ തുകയുടെ തോത് കാലോചിതമായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നൽകുന്ന കാർഷിക വായ്പകൾ കാർഷിക ആവശ്യത്തിന് തന്നെയാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ കാർഷിക വായ്പാ അവലോകന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് 3-7-2008-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കമ്മിറ്റിയുടെ പ്രവർത്തനം കാരണം വായ്പ നൽകുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി ഉത്തരവ് 25-8-2008-ൽ റദ്ദാക്കുകയും കാർഷിക വായ്പയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി പരമാവധി കാർഷിക വായ്പ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ തന്നെ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. കാർഷിക ആവശ്യത്തിന് കുറഞ്ഞ നിരക്കിൽ നൽകുന്ന വായ്പ കാർഷികേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ അത്തരം വായ്പകൾ കൈപ്പറ്റിയ തീയതി മുതൽ തന്നെ കാർഷികേതര വായ്പയായി കണക്കാക്കുന്നതിനും ടി വായ്പയ്ക്ക് ബാധകമാക്കിയിട്ടുള്ള പലിശ നിരക്ക് ചുമത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പ വിതരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും നടത്തിപ്പും കാര്യക്ഷമവും ഫലപ്രദവുമായി സംഘടിപ്പിക്കുന്നതിനും 22-01-2010-ലെ സ.ഉ.(സാധാ)34/10/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകളുടെയും, നബാർഡ് റീഫൈനാൻസ് ലഭ്യമാകുന്ന ഒരു വർഷക്കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെയും പരിധി, സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് ഇപ്പോൾ പരിധിയില്ലാതെ പലിശ രഹിത വായ്പയും നൽകി വരുന്നു.

**കർഷകർക്ക് നൽകുന്ന വായ്പാ ആനുകൂല്യങ്ങൾ**

16 (979) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക ഗ്രാമവികസന ബാങ്കുകളും എന്തെല്ലാം വായ്പാ ആനുകൂല്യങ്ങൾ ആണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്ന കർഷകൻ കൃത്യമായി വായ്പ തിരിച്ചടയ്ക്കുകയാണെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നൽകിവരുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര രൂപയുടെ ആനുകൂല്യമാണ് ഇത്തരത്തിൽ നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly